DESPATCHED
On..1.9.31.2020
14/02/2020



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ CP.No.943(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.14968/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീമതി ഗീത,
എം.എഫ്. 5/4004,
വൃന്ദാവൻ ഗാർഡൻസ്,
പട്ടം പാലസ്,
തിരുവനന്തപുരം – 695 004. } പരാതി ഹർജിക്കാരി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല,
വാക്കാട് പി.ഒ., തിരൂർ,
മലപ്പുറം – 676 502. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12/10/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28/10/2016 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 28/11/2016 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 30/11/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/02/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 11/02/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 13/02/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരി<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരിയായ ശ്രീമതി ഗീത, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാളുടെ അപേക്ഷയിന്മേൽ എതിർകക്ഷി യാതൊരു മറുപടിയും നൽകിയിട്ടില്ല എന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. അസിസ്റ്റന്റ് പ്രൊഫസർ (ഫിലിം സ്റ്റഡീസ്) എന്ന തസ്തികയിലേക്കുള്ള നിയമനത്തിനായി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച വിവരം

നൽകണമെന്നും മേൽപ്പടി ഉദ്യോഗാർത്ഥികൾക്ക് ലഭിച്ച മാർക്ക് സംബന്ധിച്ച വിവരങ്ങളും എ.പി.ഐ.സ്കോർ തുടങ്ങിയവയും നൽകണമെന്നും

ii. റാങ്ക് ലിസ്റ്റിൽ ഒന്നാമതായി വന്ന ശ്രീമതി വിദ്യ ആർ., എന്ന ഉദ്യോഗാർത്ഥിനിയുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച വിവരം നൽകണമെന്നും മറ്റുമായി 5 പ്രധാന ഇനങ്ങളിലും ഉപയിനങ്ങളിലുമായുള്ള വിവരങ്ങളാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരിയുടെ അപേക്ഷയിന്മേൽ 28.10.2016 തീയതി മറുപടി നൽകിയിരുന്നു എന്നും ആയതിന്റെ കോപ്പി കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നു എന്നും ടിയാളുടെ അപേക്ഷയിന്മേൽ മറുപടി ലഭിച്ചിട്ടില്ല എന്നു പ്രസ്താവിച്ച് ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ ഒന്നും സമർപ്പിച്ചിട്ടില്ല എന്നും ഹർജിക്കാരിക്ക് മറുപടി ലഭിച്ചതിനുശേഷം ടിയാൾ ടെലിഫോണിൽ ബന്ധപ്പെട്ട് മറുപടി വൈകിയാണ് ലഭിച്ചതെന്ന് പരാതി പറഞ്ഞിരുന്നു എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ അപേക്ഷയിന്മേൽ എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയിരുന്നതായി കാണുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 14–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

us

RIGHT TO INFORMATION